# നവകേരളീയം കുടിശ്ശിക നിവാരണം- 2021

Email : keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in

എ.ഇ.എൽ/5197/2021

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 15.09.2022

## സർക്കുലർ നമ്പർ: 39/2022

വിഷയം:- സഹകരണ വകുപ്പ് - പ്രാഥമിക സഹകരണ സംഘം/ബാങ്കുകളിൽ കുടിശ്ശിക നിർമ്മാർജ്ജന പദ്ധതി - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2021 - തുടരുന്നതിന് അനുമതി നൽകുന്നത് - സംബന്ധിച്ച്

സൂചന :- 1. സഹകരണ സംഘം രജിസ്ട്രാറുടെ 32/2021 നമ്പർ സർക്കുലർ
2. സഹകരണ സംഘം രജിസ്ട്രാറുടെ 42/2021 നമ്പർ സർക്കുലർ
3. സഹകരണ സംഘം രജിസ്ട്രാറുടെ 45/2021 നമ്പർ സർക്കുലർ
4. സഹകരണ സംഘം രജിസ്ട്രാറുടെ 49/2021 നമ്പർ സർക്കുലർ
5. സഹകരണ സംഘം രജിസ്ട്രാറുടെ 03/2022 നമ്പർ സർക്കുലർ
6. സഹകരണ സംഘം രജിസ്ട്രാറുടെ 18/2022 നമ്പർ സർക്കുലർ
7. സഹകരണ സംഘം രജിസ്ട്രാറുടെ 21/2022 നമ്പർ സർക്കുലർ
8. സഹകരണ സംഘം രജിസ്ട്രാറുടെ 24/2022 നമ്പർ സർക്കുലർ
9. സഹകരണ സംഘം രജിസ്ട്രാറുടെ 30/2022 നമ്പർ സർക്കുലർ
10. സഹകരണ സംഘം രജിസ്ട്രാറുടെ 35/2022 നമ്പർ സർക്കുലർ
11. സഹകരണ സംഘം രജിസ്ട്രാറുടെ 27/2022 നമ്പർ സർക്കുലർ

സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ കുടിശ്ശിക കുറക്കുന്നതിനും, കൃത്യമായ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് പ്രാഥമിക സംഘങ്ങൾ/ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത സംഘങ്ങൾ/ബാങ്കുകളായി മാറ്റുന്നതിനും, കോവിഡ് - 19 മഹാമാരി കാരണം ജീവിതം ദു:സ്സഹമായിരിക്കുന്ന വായ്പക്കാർക്ക് ആശ്വാസമാവുക എന്ന ലക്ഷ്യത്തോടും കൂടി സംസ്ഥാനത്തെ സഹകരണ മേഖലയിൽ 2021 ആഗസ്റ്റ് 16 മുതൽ 2021 സെപ്റ്റംബർ 30 വരെ "നവകേരളീയം കുടിശ്ശിക നിവാരണം 2021" ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടത്തുന്നത് സംബന്ധിച്ച് സൂചന (1) സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു.

കോവിഡ്- 19 മഹാമാരി മൂലം സഹകാരികൾക്ക് ടി പദ്ധതിയുടെ ആനുകൂല്യം പൂർണ്ണമായും പ്രയോജനപ്പെടുത്തുവാൻ സാധിച്ചിട്ടില്ലായെന്നും പദ്ധതിയുടെ ആനുകൂല്യം തുടർന്നും ലഭ്യമാക്കണമെന്ന് വ്യാപകമായ ആവശ്യം ഉയർന്നതിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതിയുടെ കാലാവധി സൂചന (2) പ്രകാരം 2021 ഒക്ടോബർ 31 വരെയും, സൂചന (3) പ്രകാരം 2021 നവംബർ 30 വരെയും, സൂചന (4) പ്രകാരം 2021 ഡിസംബർ 31 വരെയും ദീർഘിപ്പിച്ചും, തുടർന്ന് സൂചന (5) പ്രകാരം 2022 ജനുവരി 20 മുതൽ 2022 മാർച്ച് 31 വരെയും, സൂചന (6) പ്രകാരം 2022 ഏപ്രിൽ 30 വരെയും, സൂചന (7) പ്രകാരം 2022 മേയ്

31 വരെയും, സൂചന (8) പ്രകാരം 2022 ജൂൺ 30 വരെയും, സൂചന (9) പ്രകാരം 2022 ജൂലായ് 31 വരെയും, സൂചന (10) പ്രകാരം 2022 സെപ്റ്റംബർ 15 വരെയും നടപ്പിലാക്കുന്നതിനും അനുമതി നൽകിയിരുന്നു. കൂടാതെ സൂചന (11) പ്രകാരം 2022 ജനുവരി 1 മുതൽ 2022 ജനുവരി 19 വരെയുള്ള കാലായളവിൽ പൂർണ്ണമായി തിരിച്ചടവ് വന്ന വായ്പകൾക്ക് കൂടി ടി പദ്ധതിയുടെ അനുകൂല്യം അനുവദിച്ച് നൽകുന്നതിനും അനുമതി നൽകിയിരുന്നു. ടി പദ്ധതിയുടെ ആനുകൂല്യം തുടർന്നും ലഭ്യമാക്കണമെന്ന് വ്യാപകമായ ആവശ്യം ഉയർന്നതിന്റെ അടിസ്ഥാനത്തിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യം പരമാവധി സഹകാരികൾക്ക് ലഭ്യമാക്കുന്നതിനായി ടി പദ്ധതിയുടെ കാലാവധി 2022 സെപ്റ്റംബർ 16 മുതൽ 2022 സെപ്റ്റംബർ 30 വരെ ദീർഘിപ്പിച്ച് സൂചന (1) സർക്കുലർ (32/2021 നമ്പർ സർക്കുലർ), സൂചന (8) സർക്കുലർ (24/2022 നമ്പർ സർക്കുലർ) എന്നിവയിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് നടപ്പിലാക്കുന്നതിന് ഇതിനാൽ അനുമതി നൽകുന്നു.

ക്യാമ്പയിന്റെ പുരോഗതി റിപ്പോർട്ട് സംഘം തലത്തിൽ പ്രൊഫോർമ-4 ലും, താലൂക്ക് തലത്തിൽ പ്രൊഫോർമ-5 ലും, ജില്ലാ തലത്തിൽ പ്രൊഫോർമ-6 ലും ആർബിട്രേഷൻ കേസുകളുടെ അവലോകനം പ്രൊഫോർമ- 7 ലും, എക്സിക്യൂഷൻ കേസുകളുടെ അവലോകനം പ്രൊഫോർമ- 8 ലും, സംഘംതല കമ്മിറ്റിയും ജില്ലാതല കമ്മിറ്റിയും അനുവദിച്ചിട്ടുള്ള ഇളവുകൾ പ്രൊഫോർമ -10 ലും തയ്യാറാക്കി അതാത് തലത്തിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ 10.10.2022 - നകം സഹകരണ സംഘം രജിസ്ട്രാർക്ക് തപാലിലും aelrcs2018@gmail.com എന്ന ഇ - മെയിലിലും സമർപ്പിക്കേണ്ടതാണ്.

സംസ്ഥാന തല സ്റ്റിയറിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ട അപേക്ഷകൾ പ്രൊഫോർമ 9- ൽ സർക്കുലർ മാനദണ്ഡങ്ങൾ പാലിച്ച് പരിശോധന നടത്തി കൃത്യമായ അനുബന്ധ രേഖകൾ സഹിതം അർഹരായവരുടെ പട്ടിക സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)

അലക്സ് വർഗ്ഗീസ്. ഐ.എ.എസ്

സഹകരണ സംഘം രജിസ്ട്രാർ

<u>പകർപ്പ്:-</u>

1. സഹകരണ ആഡിറ്റ് ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം.
2. എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും, എല്ലാസഹകരണ സംഘം ജോയിന്റ് ഡയറക്ടർ (ആഡിറ്റ് )മാർക്കും.
3. പ്രസിഡന്റ് / മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.

4. ചെയർമാൻ, സംസ്ഥാന സഹകരണ യൂണിയൻ.
5. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം.
6. ചെയർമാൻ/ മാനേജിംഗ് ഡയറക്ടർ,കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ, എറണാകുളം.
7. ജനറൽ മാനേജർ, മലപ്പുറം ജില്ലാ സഹകരണ ബാങ്ക്
8. ജോയിന്റ് ഡയറക്ടർ / കൺകറന്റ് ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക് / കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ.
9. ചെയർമാൻ, സർക്കിൾ സഹകരണ യൂണിയൻ
10. പ്രസിഡന്റ് / സെക്രട്ടറി, അർബൻ ബാങ്ക് ഫെഡറേഷൻ, തിരുവനന്തപുരം.
11. പ്രസിഡന്റ് / സെക്രട്ടറി, പി.എ.സി.എസ് അസോസിയേഷൻ, തിരുവനന്തപുരം.
12. എല്ലാ അസിസ്റ്റന്റ്രജിസ്ട്രാർ (ജനറൽ) / വാല്യുവേഷൻആഫീസർക്കും.
13. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും.
14. എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾക്കും / ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന).
15. ഈ ആഫീസിലെ എല്ലാ അഡീഷണൽ രജിസ്ട്രാർമാർക്കും / സെക്ഷനുകൾക്കും
16. രജിസ്ട്രാറുടെ മേശപ്പുറത്ത്.
17. എഡിറ്റർ, സഹകരണ വീഥി, ജേർണൽ (പ്രസിദ്ധീകരണത്തിന്)
18. വെബ് സൈറ്റ്. 19. സ്റ്റോക്ക് ഫയൽ 20. സ്പെയർ.

// നിർദ്ദേശാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (സി.എൽ.റ്റി)